# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3006

13.07.2015-ൽ മറുപടിയ്ക്ക്

## നടപ്പാത കൈയ്യേറിയുള്ള അനധികൃത പാർക്കിങ്ങും വ്യാപാരവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പാത കൈയ്യേറി അനധികൃത പാർക്കിങ്ങും വ്യാപാരവും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത കൈയ്യേറ്റം മൂലം കാൽനടയാത്രക്കാർ റോഡിലൂടെ നടക്കേണ്ട അവസ്ഥയുണ്ടാകുന്നതായും നിരവധി അപകടങ്ങൾ സംഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) പ്രസ്തുത വ്യാപാരവും പാർക്കിംഗും തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ? | (സി) ഉണ്ട്. നടപ്പാത കൈയ്യേറിയുള്ള വ്യാപാരവും പാർക്കിംഗും തടയുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം വ്യാപാരങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്കും വ്യാപാരികൾക്കും നോട്ടീസ് നൽകി ആയത് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അനധികൃത പാർക്കിംഗ് നടത്തുന്ന വാഹനങ്ങളുടെ ഡ്രൈവർമാർക്ക് |

നോട്ടീസ് നൽകി പാർക്കിങ്ങ് ഒഴിവാക്കാൻ നിർദ്ദേശം നൽകുകയും, വീണ്ടും വാഹനങ്ങൾ പാർക്ക് ചെയ്യുന്നവർക്ക് RRR 15 r/w 177 of MV Act, Sec.122 r/w 177 എന്നിവ പ്രകാരം 100 രൂപ പിഴയായി ഈടാക്കുന്നുമുണ്ട്. അനധികൃതമായി വാഹനം പാർക്ക് ചെയ്ത് തടസ്സം സൃഷ്ടിക്കുകയും കാൽനടയാത്രക്കാർക്കും മറ്റു വാഹന യാത്രക്കാർക്കും ബുദ്ധിമുട്ട് സൃഷ്ടിക്കുകയും ചെയ്യുന്ന വാഹന ഡ്രൈവർമാർക്കെതിരെ Sec.283 of IPC, Sec120(b) of KP Act എന്നിവ പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ